പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *454 22.3.2018 -ൽ മറുപടിയ്ക്ക്

## കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ. കെ.ജെ. മാക്സി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ടൂറിസം വികസനത്തിനായി ഏറ്റെടുത്ത പദ്ധതികൾ എന്തെല്ലാമാണ്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ഏറ്റെടുത്ത പദ്ധതികളിൽ കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രധാനപ്പെട്ട എല്ലാ ഹോട്ടലുകളുടെയും നവീകരണം ഉൾപ്പെടുന്നുണ്ട്. ഇവയിൽ മാസ്കറ്റ് ഹോട്ടലിന്റെ നവീകരണം പൂർത്തിയായി. പൊന്മുടിയിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണം, കുമരകത്തെ വാട്ടർസ്കേപ്പ്സ്, ചൈത്രം ഹോട്ടൽ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കൂടാതെ ടൂറിസം വകുപ്പ് കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന് കൈമാറിയ 3 ബസ്സുകൾ ഉപയോഗിച്ച് ബസ്സ് ടൂർ പദ്ധതി , തേക്കടിയിൽ 120 പേർക്ക് യാത്ര ചെയ്യാവുന്ന ബോട്ട് സർവ്വീസ് എന്നിവ ആരംഭിച്ചു കഴിഞ്ഞു.<br>കെ.ടി.ഡി.സി പുതുതായി ആരംഭിക്കാൻ പോകുന്ന പദ്ധതികൾ<br>1. സംസ്ഥാനത്തിന് പുറത്ത് കന്യാകുമാരിയിൽ ചെന്നൈ റെയ്ൻ ഡ്രോപ്പ്സ് ഹോട്ടലിന്റെ മാതൃകയിൽ ഒരു നിശ്ചിത ശതമാനം മുറികൾ സർക്കാർ അതിഥി മന്ദിരത്തിന് നീക്കി വച്ചു കൊണ്ട് ഒരു ബഡ്ജറ്റ് ഹോട്ടൽ.<br>2. മുഴപ്പിലങ്ങാടിൽ ഒരു ബിച്ച് റിസോർട്ട്.<br>3. ബേക്കൽ ബീച്ചിൽ നേരത്തെ നിർമ്മിച്ച 6 |

| | | | |
|---|---|---|---|
| | | | കോട്ടേജുകൾക്ക് പുറമേ പുതിയ 24 കോട്ടേജുകൾ കൂടി പണിയാൻ ഉദ്ദേശിക്കുന്നു.<br>4. മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ടു യൂണിറ്റുകളിലുമായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.<br>5. കണ്ണൂർ, പീരുമേട്, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>6. മൂന്നാറിൽ 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ തുടങ്ങാനുദ്ദേശിക്കുന്നു. |
| ബി) | കെ.റ്റി.ഡി.സി.യുടെ നേതൃത്വത്തിൽ മോട്ടൽ ആരാം എന്ന പേരിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും രുചികരമായ ഭക്ഷണവും ശുചിത്വമുള്ള ശുചിമുറികളും ഉറപ്പാക്കി വിനോദസഞ്ചാര പ്രോത്സാഹനത്തിന് ഇവയ്ക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്നും അറിയിക്കാമോ; | ബി) | കെ.റ്റി.ഡി.സി.യുടെ നേതൃത്വത്തിൽ കേരളത്തിൽ 11 മോട്ടൽ ആരാമുകളാണുള്ളത്. രുചികരമായ ഭക്ഷണവും, ശുചിത്വമുള്ള ശുചിമുറികളും പരിസരവും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഒരുക്കി മികച്ച രീതിയിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ദേശീയപാതയിലെ ഇടത്താവളമായി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും പുതു ഉന്മേഷത്തോടെ യാത്ര പുനരാരംഭിക്കുന്നതിനും, കെ.ടി.ഡി.സിയുടെ മോട്ടലുകൾ വലിയതോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. നിലവിൽ പുനലൂർ, പാലരുവി, പാറശ്ശാല, കൊട്ടാരക്കര, കായംകുളം, ആലപ്പുഴ, വൈക്കം, വടകര, എരുമയൂർ, കുറ്റിപ്പുറം, മങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ കെ.ടി.ഡി.സിയുടെ മോട്ടൽ ആരാമുകൾ പ്രവർത്തിച്ചുവരുന്നു. |
| സി) | കെ.റ്റി.ഡി.സി.യിലെ അതിഥി സേവന സംവിധാനത്തിൽ പ്രൊഫഷണലിസം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | കെ.റ്റി.ഡി.സി.യിലെ അതിഥി സേവനത്തിൽ കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി<br>• ഡിജിറ്റൽ സാങ്കേതികവിദ്യയുടെ എല്ലാ വശങ്ങളും ഉപയോഗിച്ച് വിൽപ്പനയും, പ്രൊമോഷനും സേവനങ്ങളും മെച്ചപ്പെടുത്തും. |

| | | | |
|---|---|---|---|
| | | | • വിൽപ്പന കൂട്ടുന്നതിനായി ഡിമാന്റിന് അനുസരിച്ച് വ്യാപാര സംവിധാനങ്ങൾ പരിഷ്കരിച്ച് റവന്യൂ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. <br> കൂടാതെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഒരു സമഗ്രപഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പഠന റിപ്പോർട്ട് കെ.ടി.ഡി.സി ബോർഡ് പരിശോധിക്കുകയും അവ നടപ്പാക്കുന്നതിന്റെ ഭാഗമായി ബോർഡ് ഒരു സബ്കമ്മിറ്റിക്ക് രൂപം നൽകുകയുമുണ്ടായി. സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ഡി) | ബിയർ വില്പനയിലെ വിറ്റുവരവൊഴിച്ചുള്ള കണക്കെടുത്താൽ കെ.റ്റി.ഡി.സി.യുടെ പ്രവർത്തന ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ? | | ബിയർ വില്പനയിലെ വിറ്റുവരവൊഴിച്ചുള്ള കണക്കെടുത്താൽ കെ.റ്റി.ഡി.സി.യുടെ പ്രവർത്തന ലാഭം 2017-18 ഫെബ്രുവരിവരെയുള്ള കണക്കുപ്രകാരം 116.23 ലക്ഷം രൂപയാണ്. |

**സെക്ഷൻ ഓഫീസർ**